Hand Book-7

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള
പൊതുതിരഞ്ഞെടുപ്പ്

# സ്ഥാനാർത്ഥികൾക്കും
# രാഷ്ട്രീയ കക്ഷികൾക്കും
# സമ്മതിദായകർക്കുമുള്ള കൈപ്പുസ്തകം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
കേരളം
2025

*സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ കക്ഷികൾക്കും
സമ്മതിദായകർക്കുമുള്ള കൈപ്പുസ്തകം*

പ്രസിദ്ധീകരിക്കുന്നത്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**
ജനഹിതം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

കോപ്പികൾ – 1,50,000
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, 2025

# ആമുഖം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ സ്ഥാനാർത്ഥികളുടെയും രാഷ്ട്രീയപാർട്ടികളുടെയും സമ്മതിദായകരുടെയും പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നു. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തിരഞ്ഞെടുപ്പിന്റെ സുഗമവും സുതാര്യവുമായ നടത്തിപ്പിന് മാതൃകാപരമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഫോട്ടോ പതിച്ച വോട്ടർപട്ടിക, ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും വോട്ടെടുപ്പിന് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ, വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തുന്നതിനും ഓൺലൈൻ സൗകര്യം, പോളിംഗ് പുരോഗതി അപ്പപ്പോൾ അറിയിക്കുന്നതിന് പോൾ മാനേജർ ആപ്പ്, വോട്ടെണ്ണൽ ഫലം തത്സമയം അറിയുന്നതിന് TREND സോഫ്റ്റ്‌വെയർ, സ്ഥാനാർത്ഥികൾക്ക് ചെലവ് കണക്ക് സമർപ്പിക്കുന്നതിന് ഓൺലൈൻ സൗകര്യം തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ടവയാണ്.

തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ, വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതും ഒഴിവാക്കുന്നതും സംബന്ധിച്ച നടപടികൾ, തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ യോഗ്യതകളും അയോഗ്യതകളും, വോട്ടെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ പ്രവർത്തനങ്ങൾ, സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് സമർപ്പിക്കൽ തുടങ്ങിയവ സംബന്ധിച്ചുള്ള ലഘുവിവരണമാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഏഴ് ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഈ കൈപ്പുസ്തകം തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ കക്ഷികൾക്കും സമ്മതിദായകർക്കും വളരെ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

എ. ഷാജഹാൻ
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

തിരുവനന്തപുരം
02.04.2025

# ഉള്ളടക്കം


**ഭാഗം 1 തിരഞ്ഞെടുപ്പ് കമ്മീഷനുകൾ..........8**
ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ..........8
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ..........9
**ഭാഗം 2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്..........12**
വോട്ടർ പട്ടിക..........12
വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് സംബന്ധിച്ച നിബന്ധനകൾ..........13
ഓൺലൈനായി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും ഉള്ള നടപടിക്രമങ്ങൾ..........13
**ഭാഗം 3 സ്ഥാനാർത്ഥികളുടെ യോഗ്യത /അയോഗ്യത..........20**
യോഗ്യതകൾ..........20
ഒരാൾ ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിലെ/ മുനിസിപ്പാലിറ്റിയിലെ അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിന് ചുവടെ പറയുന്ന സാഹചര്യങ്ങളിൽ അയോഗ്യനായിരിക്കുന്നതാണ്..........21
തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശവും നാമനിർദ്ദേശ പത്രിക സമർപ്പിക്കലും പിൻവലിക്കലും..........25
**ഭാഗം 4 തിരഞ്ഞെടുപ്പ് ചെലവുകളും കണക്കും..........30**
**ഭാഗം 5 തിരഞ്ഞെടുപ്പ് ചെലവുകളുടെ ഓൺലൈൻ സമർപ്പണം..........34**
**ഭാഗം 6 ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ..........36**
ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ ഘടന..........36
ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിലെ സാങ്കേതിക സുരക്ഷിതത്വ സംവിധാനങ്ങൾ..........37
വോട്ടെണ്ണൽ..........40
ഡിറ്റാച്ചബിൾ മെമ്മറി മോഡ്യൂൾ (ഡി.എം.എം.)..........41
വോട്ടെണ്ണലിനുശേഷം ഡി.എം.എം-ന്റേയും മറ്റ് രേഖകളുടെയും സൂക്ഷിപ്പ്..........41
**ഭാഗം 7 ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് ഒരു തലത്തിലേക്ക് (നഗരസഭകൾ ഉൾപ്പെടെ) മാത്രമായി വോട്ട് ചെയ്യുന്ന വിധം..........44**
ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളിലേക്ക് ഒരേ സമയം നടത്തുന്ന തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്ന വിധം..........45
വോട്ട് ചെയ്യുന്നതിനുള്ള നടപടിക്രമം..........45
ബാലറ്റ് യൂണിറ്റിൽ വോട്ട് രേഖപ്പെടുത്തൽ..........46

# ഭാഗം 1

# തിരഞ്ഞെടുപ്പ് കമ്മീഷനുകൾ

പാർലമെന്റിലേയ്ക്കും നിയമസഭകളിലേയ്ക്കും തിരഞ്ഞെടുപ്പുകൾ നടത്തുന്നത് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമാണ്. പ്രസ്തുത തിരഞ്ഞെടുപ്പുകൾക്കു വേണ്ടി ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും വെവ്വേറെ വോട്ടർ പട്ടികകളാണ് തയ്യാറാക്കുന്നത്.

## ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ

ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 324 പ്രകാരമാണ് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ രൂപീകൃതമായത്. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും രണ്ട് കമ്മീഷണർമാരുമാണ് കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ ഘടന. ലോകസഭ, രാജ്യസഭ, നിയമസഭകൾ എന്നിവ യിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളും രാഷ്ട്രപതി, ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകളും കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ ചുമതലയാണ്. ലോകസഭാ, നിയമസഭാ തിരഞ്ഞെടുപ്പുകൾക്ക് വേണ്ടി വോട്ടർ പട്ടിക തയ്യാറാക്കുന്നതും വോട്ടർ തിരിച്ചറിയൽ കാർഡ് നൽകുന്നതും കേന്ദ്ര ഇലക്ഷൻ കമ്മീഷനാണ്. കേന്ദ്ര ഇലക്ഷൻ കമ്മീഷൻ ഓരോ അസംബ്ലി നിയോജക മണ്ഡലത്തിലെ ബൂത്തുകളെ അടിസ്ഥാനമാക്കിയാണ് വോട്ടർപട്ടിക തയ്യാറാക്കുന്നത്. കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ കീഴിൽ സംസ്ഥാനങ്ങളുടെ ചുമതല ചീഫ് ഇലക്ടറൽ ഓഫീസർക്കാണ് (ചീഫ് ഇലക്ടറൽ ഓഫീസർ, കേരള നിയമസഭാ സമുച്ചയം, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം 695 033).

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

ഭരണഘടനയുടെ അനുഛേദം 243 K, 243 ZA പ്രകാരം രൂപീകൃതമായതാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്കാണ്. 1993 ഡിസംബർ 3 നാണ് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപിതമായത്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലേയ്ക്കും മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലേയ്ക്കുമുള്ള വോട്ടർപട്ടിക തയ്യാറാക്കലും തിരഞ്ഞെടുപ്പ് നടത്തിപ്പും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർപട്ടിക വാർഡ് തലത്തിലാണ് തയ്യാറാക്കുന്നത്. തദ്ദേശസ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പ്, ജില്ലാ ആസൂത്രണ സമിതി തിരഞ്ഞെടുപ്പ് തുടങ്ങിയവയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ് നടത്തുന്നത്. കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള അംഗങ്ങളുടെ അയോഗ്യതകളും കമ്മീഷനാണ് നിശ്ചയിക്കുന്നത്. കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂറുമാറ്റം നിരോധിക്കൽ നിയമപ്രകാരമുള്ള അംഗങ്ങളുടെ അയോഗ്യത നിശ്ചയിക്കലും കമ്മീഷന്റെ അധികാരമാണ്.

# ഭാഗം 2

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്

## വോട്ടർ പട്ടിക

1) പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പിന് വേണ്ടിയുള്ള വോട്ടർപട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും അതത് സ്ഥാപനങ്ങളിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തയ്യാറാക്കും.
2) ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് അതത് തദ്ദേശസ്ഥാപന സെക്രട്ടറിമാരും കോർപ്പറേഷനെ സംബന്ധിച്ച് അഡീഷണൽ സെക്രട്ടറിയുമാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ.
3) ഒരു ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ/മുനിസിപ്പൽ കോർപ്പറേഷനിലെ ഓരോ നിയോജകമണ്ഡലത്തിനും/ വാർഡിനും ഒരു വോട്ടർ പട്ടിക ഉണ്ടായിരിക്കുന്നതാണ്.
4) പ്രസ്തുത പട്ടികയുടെ കാലാനുസൃതമായ പുതുക്കലിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേ-ക്കുള്ള പൊതുതിരഞ്ഞെടുപ്പ്/ഉപതിരഞ്ഞെടുപ്പ് നടത്തപ്പെടുന്നത്.
5) ഗ്രാമപഞ്ചായത്തിലെ വോട്ടർ പട്ടിക അടിസ്ഥാനമാക്കിയാണ് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പുകൾ നടത്തുന്നത്. അതിനാൽ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളിൽ പ്രത്യേകം വോട്ടർപട്ടിക തയ്യാറാക്കേണ്ടതില്ല.
6) ഓരോ പൊതു/ഉപതിരഞ്ഞടുപ്പിനു മുമ്പും, കൂടാതെ സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷൻ നിശ്ചയിക്കുന്ന കാലയളവിലും വോട്ടർപട്ടികയിൽ പേരുചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും അവസരമുണ്ടാകും.
7) തദ്ദേശ സ്ഥാപനങ്ങളുടെ വോട്ടർപട്ടിക അതത് സ്ഥാപനങ്ങളിലും കമ്മീഷന്റെ sec.kerala.gov.in വെബ് സൈറ്റിലും ലഭ്യമാകും

## വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് സംബന്ധിച്ച നിബന്ധനകൾ

1) ഒരാൾ ഭാരത പൗരൻ ആയിരിക്കണം (ഒരാളുടെ പൗരത്വത്തെ സംബന്ധിച്ച് ഏതെങ്കിലും പ്രശ്നം ഉദിക്കുന്ന പക്ഷം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.)
2) യോഗ്യത കണക്കാക്കുന്ന തീയതിയിൽ 18 വയസ്സ് പൂർത്തിയായിരിക്കണം (പട്ടിക പുതുക്കുന്ന വർഷത്തിലെ ജനുവരി ഒന്നാം തീയതിയാണ് യോഗ്യതാ തീയതി)
3) ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ/വാർഡിലെ സാധാരണ താമസക്കാരൻ ആയിരിക്കണം.
4) ഒരാൾ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വോട്ട് രേഖപ്പെടുത്തുന്നതിൽ നിന്നും തൽസമയം അയോഗ്യനാക്കപ്പെട്ട ആളായിരിക്കരുത്.
5) ഒരാൾ സ്ഥിരബുദ്ധിയില്ലാത്ത ആളായിരിക്കുകയും അങ്ങനെയാണെന്ന് ക്ഷമതയുള്ള കോടതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള വ്യക്തി ആയിരിക്കരുത്.

## ഓൺലൈനായി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും ഉള്ള നടപടിക്രമങ്ങൾ

### 1) സിറ്റിസൺ രജിസ്ട്രേഷൻ

a) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റ് **(www.sec.kerala.gov.in)** സന്ദർശിച്ച് Sign In പേജിലെ **Citizen Registration** വഴി പേരും മൊബൈൽ നമ്പരും ഒരു പാസ്സ്‌വേർഡും നൽകി profile create ചെയ്യാവുന്നതാണ്.

b) നൽകിയിട്ടുള്ള മൊബൈൽ നമ്പറിലേക്ക് OTP വരുന്നതും, പ്രസ്തുത മൊബൈൽ നമ്പർ ലോഗിൻ ചെയ്യുവാനുള്ള username ആയി ഉപയോഗിക്കാവുന്നതുമാണ്.

c) Username & password നൽകി ലോഗിൻ ചെയ്യുക. തുടർന്ന് അനുയോജ്യമായ ഫാറം തിരഞ്ഞെടുത്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

d) പ്രൊഫൈൽ പേജിൽ വലത് മുകൾ വശത്തു കാണുന്ന ചോദ്യചിഹ്നത്തിൽ ക്ലിക്ക് ചെയ്ത് ബന്ധപ്പെട്ട സ്ക്രീൻ കാസ്റ്റ് വിഡിയോകൾ കാണാം. അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കേണ്ട രീതി ആ വീഡിയോകളിൽ നിന്ന് വിശദമായി മനസ്സിലാക്കാവുന്നതാണ്.

**2) വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തൽ (Form No.4)**

a) വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് Name Inclusion (Form 4) എന്ന button സെലക്ട് ചെയ്യുക.(ഒരു തദ്ദേശ സ്ഥാപനത്തിലെ വോട്ടർ മറ്റൊരു തദ്ദേശ സ്ഥാപനത്തിലേക്ക് മാറുന്നതിനായും Form 4 ൽ അപേക്ഷ നൽകണം.അതിനായി Form 4 ൽ ക്ലിക്ക് ചെയ്യുമ്പോൾ "നിലവിൽ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുണ്ട്" ക്ലിക്ക് ചെയ്ത് നിലവിലെ വോട്ടർ പട്ടികയിലെ ഡീറ്റെയിൽസ് സെലക്ട് ചെയ്തതിന് ശേഷം പേര് ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഡീറ്റെയിൽസ് സെലക്ട് ചെയ്യുക.)

b) ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/ വാർഡ്, ഭാഗം നമ്പർ എന്നിവ ക്രമമായി select ചെയ്യുക

c) വോട്ടറുടെ പേരും മറ്റ് വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുക(മലയാളത്തിലും ഇംഗ്ലീഷിലും, തമിഴ്/കന്നട)

d) പേര് ചേർക്കാൻ ആഗ്രഹിക്കുന്ന വാർഡിലെ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബാംഗത്തിന്റെയോ അയൽവാസിയുടെയോ ക്രമനമ്പർ കൊടുക്കുക.

e) വോട്ടറുടെ ഫോട്ടോ അപ്‌ലോഡ് ചെയ്ത് proceed ക്ലിക്ക് ചെയ്യുക.

f) വോട്ടർ നൽകിയ വിവരങ്ങൾ സ്ക്രീനിൽ ലഭ്യമാകും. അവ പരിശോധിച്ചതിന് ശേഷം ശരിയാണെങ്കിൽ **Confirm Application** ബട്ടൺ ക്ലിക്ക് ചെയ്യുക. അപേക്ഷ സമർപ്പിക്കപ്പെട്ടതായി സ്ക്രീനിൽ തെളിയുന്നതാണ്.

g) Profile ഹോം പേജിൽ, സമർപ്പിക്കപ്പെട്ട അപേക്ഷകൾ കാണാൻ സാധിക്കും. അപേക്ഷയുടെ പകർപ്പും ഹിയറിംഗ് നോട്ടീസും (Form No.12) അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്.

**3) വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിലുള്ള/ ഉൾപ്പെടുത്തിയ തിന്മേലുള്ള ആക്ഷേപം സമർപ്പിക്കൽ (Form No.5)**

a) വോട്ടർപട്ടികയിൽ പേര് ഉൾപെടുത്തുന്നതിലുള്ള / നിലവിലുള്ള പേര് ഒഴിവാക്കുന്നതിനുള്ള ആക്ഷേപം ഫോറം 5 ൽ സമർപ്പിക്കണം. അതിനായി **Objection to name inclusion (Form 5)** button സെലക്ട് ചെയ്യുക.

b) പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ സംബന്ധിച്ച് ആക്ഷേപം സമർപ്പിക്കുന്നതിന് വോട്ടറുടെ അപ്ലിക്കേഷൻ ID നൽകി Submit button ക്ലിക്ക് ചെയ്താൽ വോട്ടറുടെ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

c) ആക്ഷേപം സമർപ്പിക്കുന്നയാളുടെ വിവരങ്ങളും കാരണങ്ങളും രേഖപ്പെടുത്തി Submit ചെയ്യുക.

d) നിലവിലെ വോട്ടറുടെ പേര് ഒഴിവാക്കുന്നതിനായി വോട്ടറുടെ ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/ വാർഡ്, ഭാഗം നമ്പർ, സീരിയൽ നമ്പർ എന്നിവ നൽകി **Get Data** button ക്ലിക്ക് ചെയ്താൽ വോട്ടറുടെ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

e) ആക്ഷേപം സമർപ്പിക്കുന്നയാളുടെ വിവരങ്ങളും കാരണങ്ങളും രേഖപ്പെടുത്തി Submit ചെയ്യുക.

f) ഫോറം 5–ൽ ആക്ഷേപങ്ങൾ ഓൺലൈനിൽ സമർപ്പിച്ച ശേഷം profile ൽ നിന്നും അപേക്ഷ പ്രിന്റ് എടുത്ത് ഒപ്പിട്ട് നേരിട്ടോ തപാൽ മുഖേനയോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപം സ്വീകരിക്കുന്നതല്ല.

**4) വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പ് തിരുത്തൽ (Form No. 6)**

a) വോട്ടർപട്ടികയിലുള്ള സമ്മതിദായകന്റെ പേരിലോ മറ്റ് വിശദാംശങ്ങളിലോ തിരുത്തലുകൾ ആവശ്യമായി വരുന്നുവെങ്കിൽ ഫോറം 6 ൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അതിനായി Corrections (Form 6) എന്ന button സെലക്ട് ചെയ്യുക.

b) വോട്ടറുടെ ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/വാർഡ്, ഭാഗം നമ്പർ, സീരിയൽ നമ്പർ എന്നിവ നൽകി **Get Data** button ക്ലിക്ക് ചെയ്യുക.

c) വോട്ടറുടെ നിലവിലെ വിവരങ്ങൾ സ്ക്രീനിന്റെ ഇടത് വശത്ത് ലഭിക്കുന്നതാണ്.വേണ്ട തിരുത്തലുകൾ വലതുവശത്തെ കോളങ്ങളിൽ ചേർക്കാവുന്നതാണ്.

d) ശേഷം **Submit** button ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിക്കുക.

e) Profile ഹോം പേജിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ കാണാൻ സാധിക്കുന്നതാണ്.

f) പട്ടികയിൽ നിലവിൽ നൽകിയിട്ടുള്ള ഫോട്ടോയാണ് മാറ്റം വരുത്തേണ്ടതെങ്കിൽ 'Change Photo' button ക്ലിക്ക് ചെയ്ത് Photo upload ചെയ്യേണ്ടതാണ്.

g) Profile ഹോം പേജിൽ അപേക്ഷയുടെ പകർപ്പും(Form No.6) Hearing Notice (Form No.15) ഉം അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്.

**5) വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പുകളുടെ സ്ഥാനമാറ്റത്തിന് വേണ്ടിയുള്ള അപേക്ഷ (Form No.7)**

a) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു നിയോജക മണ്ഡലം/വാർഡിൽ നിന്ന് മറ്റൊരു നിയോജകമണ്ഡലം / വാർഡിലേക്കോ, ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ ഒരു ഭാഗത്തിൽ നിന്ന് മറ്റൊരു ഭാഗത്തിലേക്കോ മാറ്റുന്നതി നായി ഫോറം 7 ൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.അതിനായി Transposition (Form 7) button ക്ലിക്ക് ചെയ്യുക.

b) വോട്ടറുടെ ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജക മണ്ഡലം/വാർഡ്, ഭാഗം നമ്പർ, സീരിയൽ നമ്പർ എന്നിവ നൽകി **Get Data** button ക്ലിക്ക് ചെയ്യുക.

c) വോട്ടറുടെ നിലവിലെ വിവരങ്ങൾ സ്ക്രീനിന്റെ ഇടത് വശത്ത് ലഭിക്കുന്നതാണ്. വേണ്ട മാറ്റങ്ങൾ വലതുവശത്തെ കോളങ്ങളിൽ നിന്ന് സെലക്ട് ചെയ്ത് Submit button ക്ലിക്ക് ചെയ്യുക.

d) Profile ഹോം പേജിൽ അപേക്ഷയുടെ പകർപ്പും(Form No.7) Hearing Notice (Form No.15A) ഉം അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്.

**6) വോട്ടർ പട്ടികയിലെ പേര് ഒഴിവാക്കൽ (മരണം മുതലായവ മൂലം)**

a) അന്തിമ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം അതിൽ ഉൾപ്പെട്ട വ്യക്തി മരണപ്പെടുകയോ ആ പ്രദേശത്തെ സാധാരണ

താമസക്കാരനല്ലാതായി തീരുകയോ ചെയ്യുന്ന അവസരങ്ങളിൽ പേര് ഒഴിവാക്കുന്നതിനായി ഫോറം നമ്പർ 8–ൽ നേരിട്ടോ തപാലിലോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് അപേക്ഷ നൽകണം.

**7) പ്രവാസി ഭാരതീയർക്കുള്ള വോട്ടർ പട്ടിക (Pravasi Voter)**

a) വിദേശത്ത് താമസിക്കുന്ന വിദേശ പൗരത്വം സ്വീകരിക്കാത്ത ഏതൊരു ഭാരത പൗരനും അയാളുടെ പാസ്സ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതിചെയ്യുന്ന നിയോജകമണ്ഡലത്തിലെ/വാർഡിലെ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

b) പ്രവാസി വോട്ടറായി അപേക്ഷ സമർപ്പിക്കുന്നതിന് **Pravasi Voter** (Form 4A) എന്ന button സെലക്ട് ചെയ്യുക.

c) വോട്ടറുടെ വിശദവിവരങ്ങൾ Form 4A യിൽ നൽകി അപേക്ഷ submit ചെയ്യുക.

d) ഫോട്ടോ upload ചെയ്യുക.

e) ശേഷം Form 4A ഡൗൺലോഡ് ചെയ്യേണ്ടതാണ്.

f) ഓൺലൈനായി വിവരങ്ങൾ നല്കിയതിനുശേഷം അപേക്ഷയുടെ പകർപ്പിൽ ഒപ്പിട്ട് പാസ്പോർട്ടിന്റെ പ്രസക്തഭാഗങ്ങളുടെ പകർപ്പ് സഹിതം നേരിട്ടോ തപാൽ വഴിയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്കു ലഭ്യമാക്കണം.

**8) അപേക്ഷകളിന്മേലുള്ള തീർപ്പ്**

ഓരോ അപേക്ഷയിന്മേലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ എടുത്ത നടപടികളെ സംബന്ധിച്ച വിവരം വെബ്സൈറ്റിലെ Status Option വഴി അറിയാവുന്നതാണ്.

**9) അപ്പീൽ**

**a) തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ മുമ്പാകെയുള്ള അപ്പീൽ**

i) അപേക്ഷകളോ ആക്ഷേപങ്ങളോ സംബന്ധിച്ച ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ തീരുമാനത്തിനെതിരെ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

ii) അപ്പീൽ മെമ്മോറാണ്ടം രൂപത്തിലുള്ളതും അപ്പീൽ വാദി ഒപ്പിട്ടതുമായിരിക്കണം.

iii) ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകമാണ് അപ്പീൽ നൽകേണ്ടത്.

iv) അപ്പീൽ വാദിക്ക് പറയാനുള്ളതിനു ന്യായമായൊരു അവസരം നല്കിയായിരിക്കും അപ്പീൽ അധികാരി അന്തിമ തീരുമാനം കൈക്കൊള്ളുക.

v) അപ്പീൽ തീരുമാനം അന്തിമമായിരിക്കുന്നതും അത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉടൻതന്നെ നടപ്പാക്കുന്നതുമാണ്.

**b) ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ മുമ്പാകെയുള്ള അപ്പീൽ**

i) വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച സമയ വിവര പട്ടിക നിലവിലില്ലാത്ത സമയത്ത് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സമർപ്പിക്കുന്ന അപേക്ഷ നിരസിച്ചതിനെതിരെയുള്ള അപ്പീൽ നിരസിച്ച തിയതി മുതൽ 15 ദിവസത്തിനകം നേരിട്ടോ അല്ലെങ്കിൽ രജിസ്റ്റേർഡ് പോസ്റ്റായോ, ആ കാലയളവിനുള്ളിൽ കിട്ടത്തക്കവണ്ണം ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥന് സമർപ്പിക്കാവുന്നതാണ്.

ii) അപ്പീൽ, അപ്പീൽവാദി ഒപ്പുവച്ച ഒരു മെമ്മോറാണ്ടത്തിന്റെ രൂപത്തിൽ ആയിരിക്കണം.

iii) അപ്പീൽ, ERO യുടെ ഉത്തരവിന്റെ പകർപ്പും 10 രൂപാ ഫീസും സഹിതം സമർപ്പിക്കണം. ERO യുടെ ഉത്തരവിന്റെ പകർപ്പും രണ്ടു രൂപ ഫീസും അപ്പീലിനൊപ്പം നൽകണം. ഫീസ് ജുഡീഷ്യൽ സ്റ്റാമ്പായോ, കോർട്ട് ഫീ സ്റ്റാമ്പായോ അല്ലെങ്കിൽ സർക്കാർ ട്രഷറിയിൽ 0030–20–സ്റ്റാംമ്പ്സ്–നോൺ ജുഡീഷ്യൽ–102–സെയിൽ ഓഫ് സ്റ്റാംമ്പ്സ് എന്ന ശീർഷകത്തിൽ ഒടുക്കിയോ, അല്ലെങ്കിൽ ബന്ധപ്പെട്ട ERO–യുടെ ഓഫീസിൽ ഒടുക്കിയോ പ്രസ്തുത ഫീസ് അടയ്ക്കാവു ന്നതാണ്.

iv) എന്നാൽ തക്കതായ കാരണത്താലാണ് സമയപരിധി ക്കുള്ളിൽ അപ്പീൽ സമർപ്പിക്കാൻ കഴിയാത്തത് എന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് (അപ്പീൽ അധികാരി) ബോധ്യമായാൽ അപ്പീൽ സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസം മാപ്പാക്കാവുന്നതാണ്.

# ഭാഗം 3

## സ്ഥാനാർത്ഥികളുടെ യോഗ്യത/അയോഗ്യത

### യോഗ്യതകൾ

ഒരാൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന തിനുള്ള യോഗ്യതകൾ.

1) ബന്ധപ്പെട്ട പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ ഏതെങ്കിലും നിയോജകമണ്ഡലത്തിലെ/വാർഡിലെ വോട്ടർപട്ടികയിൽ അയാളുടെ പേര് ഉണ്ടായിരിക്കണം

2) നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന തീയതിയിൽ 21 (ഇരുപത്തിയൊന്ന് ) വയസ്സ് പൂർത്തിയായിരിക്കണം.

3) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തിൽ, ആ വിഭാഗത്തിലെ ഒരംഗമായിരിക്കണം.

4) സ്ത്രീകൾക്ക് വേണ്ടി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളിൽ അങ്ങനെയുള്ളയാൾ ഒരു സ്ത്രീ ആയിരിക്കണം.

5) വരണാധികാരിയുടെയോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആളിന്റെ മുൻപാകെയോ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ നടത്തി ഒപ്പിടണം.

6) കേരള പഞ്ചായത്ത് രാജ് ആക്ട്/കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയോഗ്യനാക്കപ്പെട്ടിട്ടില്ലാത്ത വ്യക്തിയായിരിക്കണം

**ഒരാൾ ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിലെ/ മുനിസിപ്പാലിറ്റിയിലെ അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിന് ചുവടെ പറയുന്ന സാഹചര്യങ്ങളിൽ അയോഗ്യനായിരിക്കുന്നതാണ്**

1) സംസ്ഥാന സർക്കാരിന്റേയോ കേന്ദ്രസർക്കാരിന്റേയോ അല്ലെങ്കിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമോ നിയന്ത്രിക്കുന്ന ഒരു കോർപ്പറേഷനിലേയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ 51% – ത്തിൽ കുറയാതെ ഓഹരിയുള്ള ഏതെങ്കിലും കമ്പനിയിലേയോ സംസ്ഥാനത്തെ ഏതെങ്കിലും നിയമാധിഷ്ഠിത ബോർഡിലേയോ ഏതെങ്കിലും സർവ്വകലാശാലയിലേയോ ഏതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും ഒരു പഞ്ചായത്തിലെ/ മുനിസിപ്പാലിറ്റിയിലെ അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിനോ ഉദ്യോഗം വഹിക്കുന്നതിനോ അയോഗ്യത ഉണ്ടായിരിക്കുന്നതാണ്.
2) അഴിമതിക്കോ കൂറില്ലായ്മയ്ക്കോ ഉദ്യോഗത്തിൽ നിന്നും പിരിച്ച് വിടപ്പെട്ട മേൽ ഖണ്ഡികയിൽ പരാമർശിച്ച ഏതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും അങ്ങനെയുള്ള പിരിച്ചു വിടൽ തീയതി തൊട്ട് അഞ്ച് വർഷക്കാലത്തേയ്ക്ക് ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിനോ ഉദ്യോഗം വഹിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

3) അംഗനവാടി ജീവനക്കാർക്കും ബാലവാടി ജീവനക്കാർക്കും ആശാവർക്കർമാർക്കും പഞ്ചായത്തുകളിലേയ്ക്കും മുനിസിപ്പാലിറ്റികളിലേയ്ക്കും മത്സരിക്കുന്നതിന് അയോഗ്യതയില്ല. സാക്ഷരതാ പ്രേരകിന് പഞ്ചായത്തുകളിൽ മത്സരിക്കാൻ അയോഗ്യതയില്ല. എന്നാൽ സാക്ഷരതാ പ്രേരകിന് മുനിസിപ്പാലിറ്റികളിൽ മത്സരിക്കാൻ അയോഗ്യതയുണ്ട്.

4) ഒരാൾ സ്ഥിരബുദ്ധി ഇല്ലാത്ത ആളാണെന്ന് വിധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അയാൾക്ക് അയോഗ്യതയുണ്ടാകും.

5) ഒരാൾ ബധിര മൂകൻ ആണെങ്കിൽ അയാൾക്ക് അയോഗ്യതയുണ്ട്.

6) നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന്റെ ആവശ്യങ്ങൾക്ക് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ നിയമത്തിന്റെ കീഴിലോ അയോഗ്യനാക്കപ്പെട്ടിട്ടുള്ള ഒരാൾക്ക് അയോഗ്യതയുണ്ട്.

7) പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തേക്ക് മത്സരിക്കുന്നതിന് വേണ്ടി വരണാധികാരി മുമ്പാകെ ഹാജരാക്കിയിരുന്ന ജാതി സർട്ടിഫിക്കറ്റോ, നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിച്ചിരുന്ന സത്യപ്രസ്താവനയോ കളവോ വ്യാജമോ ആയിരുന്നു എന്നോ താൻ പട്ടികജാതിക്കാരനോ പട്ടികവർഗക്കാരനോ അല്ലാ എന്ന് ഏതെങ്കിലും നിയമത്താൽ പിന്നീട് തെളിയിക്കപ്പെടുകയും അപ്രകാരം പ്രഖ്യാപിക്കപ്പെട്ട തീയതി മുതൽ ആറ് വർഷം കഴിഞ്ഞിട്ടില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയോഗ്യതയുണ്ടാകും.

8) ഒരു കോടതിയോ ഒരു ട്രൈബ്യൂണലോ സാന്മാർഗിക ദൂഷ്യം ഉൾപ്പെട്ട ഒരു കുറ്റത്തിന് മൂന്ന് മാസത്തിൽ കുറയാതെയുള്ള ഒരു കാലത്തേയ്ക്ക് തടവുശിക്ഷ വിധിച്ചിട്ടുണ്ടെങ്കിൽ അയോഗ്യതയുണ്ടാകും.

9) അഴിമതിക്കുറ്റത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിയമമനുസരിച്ച് തക്ക അധികാര സ്ഥാനം കുറ്റക്കാരനെന്ന് വിധിച്ചിട്ടുണ്ടെങ്കിൽ അയോഗ്യതയുണ്ടാകും.

10) ദുർഭരണത്തിന് വ്യക്തിപരമായി കുറ്റക്കാരനാണെന്നു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ വിധിച്ചിട്ടുണ്ടെങ്കിൽ അയോഗ്യതയുണ്ടാകും.

11) ഒരു വിദേശ രാഷ്ട്രത്തിലെ പൗരത്വം സ്വമേധയാ ആർജ്ജിച്ചിരിക്കുന്നെങ്കിൽ അയോഗ്യതയുണ്ട്.

12) പഞ്ചായത്ത് രാജ് ആക്ടിലെയോ മുനിസിപ്പാലിറ്റി ആക്ടിലെയോ ബന്ധപ്പെട്ട വകുപ്പുകളിൻ കീഴിലോ ശിക്ഷാർഹമായ ഒരു തിരഞ്ഞെടുപ്പ് കുറ്റത്തിന് ഏതെങ്കിലും ക്രിമിനൽ കോടതിയാൽ ശിക്ഷിക്കപ്പെട്ടിരിക്കുന്നുവെങ്കിലോ അല്ലെങ്കിൽ അഴിമതി പ്രവർത്തികളുടെ കാരണത്താൽ സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിൽ നിന്നും അയോഗ്യനാക്കപ്പെടുകയും അങ്ങനെയുള്ള ശിക്ഷയുടെയോ അയോഗ്യതയുടെയോ തീയതി മുതൽ ആറ് വർഷം കഴിഞ്ഞിട്ടില്ലാതിരിക്കയും ചെയ്യുന്നുവെങ്കിൽ അയോഗ്യതയുണ്ടാകും.

13) 1860 ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിത IX-A അദ്ധ്യായത്തിൻ കീഴിലോ 1951 ലെ ജന പ്രാതിനിധ്യ ആക്ടിലെ 8-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റേതെങ്കിലും നിയമ വ്യവസ്ഥയിൻ കീഴിലോ അല്ലെങ്കിൽ ഒരു തിരഞ്ഞെടുപ്പിന്റെ രഹസ്യത്തിന്റെ ലംഘനത്തോട് ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിന്റെയോ ചട്ടത്തിന്റെയോ കീഴിലോ ശിക്ഷാർഹമായ ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുന്ന ഏതൊരാളും അയാളുടെ കുറ്റസ്ഥാപന തീയതി മുതൽ ആറ് വർഷക്കാലത്തേയ്ക്ക് കേരള പഞ്ചായത്ത് രാജ് ആക്ട്/കേരള മുനിസിപ്പൽ ആക്ട് ബാധകമാകുന്ന ഏതെങ്കിലും തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനോ തിരഞ്ഞെടുക്കപ്പെടുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും തലത്തിലുള്ള ഒരംഗമായി ഉദ്യോഗം വഹിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

14) കേരള പഞ്ചായത്ത് രാജ് ആക്ട് 101-ാം വകുപ്പ് അല്ലെങ്കിൽ കേരള മുനിസിപ്പൽ ആക്ട് 107-ാം വകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവുമൂലം ഒരു അഴിമതി പ്രവർത്തിയ്ക്ക് കുറ്റക്കാരനാണെന്ന് കാണപ്പെട്ട ഏതൊരാളും അതിനെ തുടർന്ന് അയോഗ്യനാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയോഗ്യതാ കാലയളവ് കഴിയുന്നത് വരെ മത്സരിക്കുവാൻ യോഗ്യനല്ല. ഉത്തരവ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ പരമാവധി ആറ് വർഷത്തേയ്ക്ക് അയോഗ്യനാണ്.

15) തിരഞ്ഞെടുപ്പിൽ പരിധിയിൽ കൂടുതൽ ചിലവഴിക്കുകയോ ബോധിപ്പിച്ച കണക്കുകൾ പരിധിയിൽ കൂടുതൽ ആണെങ്കിലോ

ചിലവ് കണക്ക് നിശ്ചിത സമയ പരിധിക്കകം സമർപ്പിക്കാതിരിക്കുകയോ ചെയ്യുക എന്നീ കാരണങ്ങളാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യനായി പ്രഖ്യാപിച്ച ഏതൊരാളും ആ ഉത്തരവ് തീയതി തൊട്ട് അഞ്ച് വർഷക്കാലത്തേയ്ക്ക് അയോഗ്യനായിരിക്കുന്നതാണ്.

16) ഒരു നിർദ്ധനനായി വിധിക്കപ്പെടുന്നതിന് അപേക്ഷിച്ചിരിക്കുകയോ അഥവാ ഒരു നിർദ്ധനനായി വിധിക്കപ്പെട്ടിരിക്കുകയോ ചെയ്താൽ അയോഗ്യതയുണ്ടാകും.

17) ഒരു കമ്പനിയിലെ ഓഹരിക്കാരൻ (ഒരു ഡയറക്ടറല്ലാത്ത) എന്ന നിലയിലൊഴികെയോ അഥവാ കേരള പഞ്ചായത്ത് രാജ് ആക്റ്റ്/കേരള മുനിസിപ്പൽ ആക്ടിന് കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുവദിക്കുന്ന പ്രകാരമൊഴികെയോ സർക്കാരുമായോ ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായോ ഉണ്ടാക്കിയ നിലവിലുള്ള ഏതെങ്കിലും കരാറിലോ അല്ലെങ്കിൽ അവർക്കു വേണ്ടി ചെയ്യുന്ന ഏതെങ്കിലും പണിയിലോ അവകാശ ബന്ധമുണ്ടെങ്കിൽ അയോഗ്യതയുണ്ടാകും.

18) സർക്കാരിന് വേണ്ടിയോ അഥവാ ബന്ധപ്പെട്ട പഞ്ചായത്തിന് വേണ്ടിയോ പ്രതിഫലം പറ്റുന്ന ഒരു അഭിഭാഷകനായി ജോലിയിൽ ഏർപ്പെട്ടിരിക്കുന്നുവെങ്കിൽ അയോഗ്യതയുണ്ടാകും.

19) നേരത്തെതന്നെ ഒരംഗമായിരിക്കുകയും തന്റെ ഉദ്യോഗകാലാവധി, പുതിയ തിരഞ്ഞെടുപ്പ് പ്രാബല്യത്തിൽ വരുന്നതിന് മുൻപ് അവസാനിക്കാതിരിക്കയും അല്ലെങ്കിൽ നേരത്തെ തന്നെ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു കഴിയുകയും തന്റെ ഉദ്യോഗകാലം ഇനിയും ആരംഭിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയോഗ്യതയുണ്ടാകും.

20) മുൻവർഷം വരെയും മുൻവർഷം ഉൾപ്പെടെയും സർക്കാരിലേയ്ക്കോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കോ വിശ്വാസാധിഷ്ഠിത നിലയിലല്ലാതെ താൻ കൊടുക്കേണ്ട ഏതെങ്കിലും ഇനം സംബന്ധിച്ച കുടിശ്ശിക വരുത്തുകയും അതു സംബന്ധിച്ച ഒരു ബില്ലോ നോട്ടീസോ അയാളുടെ മേൽ യഥാവിധി നടത്തുകയും അതിൽ വല്ല സമയവും നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ സമയം കഴിയുകയും ചെയ്തിരിക്കുന്നുവെങ്കിൽ അയോഗ്യതയുണ്ടാകും.

21) 1999 ലെ കേരള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്ടിലെ വ്യവസ്ഥകൾ പ്രകാരം

അയോഗ്യനാക്കപ്പെട്ടുകയും അയോഗ്യനാക്കപ്പെട്ട തീയതി മുതൽ ആറ് വർഷം തികയാതിരിക്കുകയുമാണെങ്കിൽ അയോഗ്യത യുണ്ടാകും.

22) അഡ്വക്കേറ്റായോ വക്കീലായോ പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും വിലക്കപ്പെട്ടിരിക്കുന്നുവെങ്കിൽ അയോഗ്യതയുണ്ടാകും.

23) കേരള പഞ്ചായത്ത് രാജ് ആക്ട്/കേരള മുനിസിപ്പൽ ആക്ടിന് കീഴിൽ ഏതെങ്കിലും വ്യവസ്ഥകളിൻ കീഴിൽ അയോഗ്യനാക്കപ്പെട്ടിരിക്കുന്നുവെങ്കിൽ അയോഗ്യതയുണ്ടാകും.

24) സർക്കാരുമായുള്ള ഏതെങ്കിലും കരാറിലോ ലേലത്തിലോ വീഴ്ച വരുത്തിയതിന്റെ ഫലമായി ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ടെങ്കിൽ അയോഗ്യതയുണ്ടാകും.

25) പഞ്ചായത്തിന്റെ ധനമോ മറ്റു വസ്തുക്കളോ നഷ്ടപ്പെടുത്തുകയോ പാഴാക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്തെന്ന് ഓംബുഡ്സ്മാൻ കണ്ടെത്തിയിട്ടുണ്ടെങ്കിൽ.

## തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശവും നാമനിർദ്ദേശ പത്രിക സമർപ്പിക്കലും പിൻവലിക്കലും

1) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വോട്ടർ പട്ടികയിൽ പേരുള്ള ഒരാളിന് ആ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഏതു വാർഡിലേയ്ക്കും യോഗ്യത/ അയോഗ്യതകൾക്ക് വിധേയമായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാവുന്നതാണ്.

2) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുള്ള തീയതിക്കുള്ളിൽ ഓരോ സ്ഥാനാർത്ഥിയും നേരിട്ടോ തന്റെ നിർദ്ദേശകൻ വഴിയോ ഇതിലേയ്ക്ക് നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തുവച്ച് രാവിലെ പതിനൊന്ന് മണിക്കും ഉച്ചതിരിഞ്ഞ് മൂന്ന് മണിക്കും ഇടയിൽ വരണാധികാരിക്ക് **ഫാറം നമ്പർ 2ൽ** പൂരിപ്പിച്ചിട്ടുള്ളതും സ്ഥാനാർത്ഥിയും നിർദ്ദേശകനും (നിയോജകമണ്ഡലത്തിലെ ഒരു സമ്മതിദായകൻ) ഒപ്പിട്ടതുമായ ഒരു നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ടതാണ്. ഒരു സ്ഥാനാർത്ഥിക്ക് മൂന്ന് സെറ്റ് പത്രിക വരെ സമർപ്പിക്കാവുന്നതാണ്.

3) നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന ഒരോ സ്ഥാനാർത്ഥിയും പ്രസ്തുത നാമനിർദ്ദേശ പത്രികയോടൊപ്പം **ഫാറം നമ്പർ 2A-ൽ** അയാളുടെ വിദ്യാഭ്യാസയോഗ്യത, നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന നേരത്ത് അയാൾ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ

കേസുകൾ, അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും പേരിലുള്ള സ്വത്ത്, ഏതെങ്കിലും പൊതുമേഖല സ്ഥാപനത്തിനോ സർക്കാരിനോ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനോ താൻ നൽകേണ്ടതായ കുടിശ്ശിക ഉൾപ്പെടെയുള്ള ബാദ്ധ്യതകൾ, 1999 ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്ട് പ്രകാരം കൂറുമാറ്റത്തിന് അയോഗ്യത കൽപ്പിക്കപ്പെട്ടിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ ഒപ്പിട്ട് സമർപ്പിയ്ക്കണം.

4) പട്ടികജാതിയിലോ/പട്ടികവർഗ്ഗത്തിലോപെട്ടവർക്കു വേണ്ടി ഒരു സ്ഥാനം സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു നിയോജകമണ്ഡലത്തിൽ/വാർഡിൽ നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന ഒരു സ്ഥാനാർത്ഥി താൻ ഏത് പ്രത്യേക പട്ടികജാതിയിലോ പട്ടിക വർഗ്ഗത്തിലോപെട്ട അംഗമാണെന്ന് രേഖപ്പെടുത്തി കൊണ്ട് ആധികാരിതയുള്ള ഉദ്യോഗസ്ഥൻ നൽകിയ ജാതി സർട്ടിഫിക്കറ്റ് നാമനിർദ്ദേശ പത്രികയോടൊപ്പം ഹാജരാക്കുകയും ജാതി സംബന്ധിച്ച് ഒരു സത്യപ്രസ്താവന തന്റെ നാമനിർദ്ദേശപത്രികയിൽ ഉൾക്കൊള്ളിച്ചിരിക്കുകയും വേണം.

5) ഏതെങ്കിലും ഉദ്യോഗം വഹിച്ചിരിക്കെ പിരിച്ചുവിടപ്പെട്ടിട്ടുള്ളതോ, നീക്കം ചെയ്യപ്പെട്ടിട്ടുള്ളതോ ആയ ഒരാളായിരിക്കുകയും പിരിച്ചുവിടപ്പെട്ടതിനോ, നീക്കം ചെയ്യപ്പെട്ടതിനോ ശേഷം അഞ്ച് വർഷക്കാലം കഴിഞ്ഞിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ആൾ അയാളുടെ നാമനിർദ്ദേശത്തോടൊപ്പം അഴിമതി പ്രവർത്തിയ്ക്കോ കൂറില്ലായ്മയ്ക്കോ അയാൾ പിരിച്ചുവിടപ്പെടുകയോ നീക്കംചെയ്യപ്പെടുകയോ ചെയ്തിട്ടില്ലെന്നുള്ള അർത്ഥത്തിലുള്ളതും നിർണയിക്കപ്പെടുന്ന രീതിയിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയതുമായ ഒരു സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലാത്ത പക്ഷം സ്ഥാനാർത്ഥിയായി മുറപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതല്ല.

6) സ്ഥാനാർത്ഥി വേറെ ഏതെങ്കിലും നിയോജക മണ്ഡലത്തിലെ സമ്മതിദായകനായിരിക്കുന്നിടത്ത്, ആ നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയുടേയോ അതിന്റെ പ്രസക്ത ഭാഗത്തിന്റേയോ ഒരു പകർപ്പോ അങ്ങനെയുള്ള പട്ടികയിലെ പ്രസക്ത

ഉൾക്കുറിപ്പുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ നാമനിർദ്ദേശപത്രിക സഹിതം സമർപ്പിക്കേണ്ടതാണ്.

7) ഒരു സ്ഥാനാർത്ഥി ഗ്രാമ പഞ്ചായത്തിലേയ്ക്ക് ₹2000, ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ₹4000, ജില്ലാ പഞ്ചായത്തിലേയ്ക്ക് ₹5000, മുനിസിപ്പാലിറ്റിയിലേയ്ക്ക് ₹4000, മുനിസിപ്പൽ കോർപ്പറേഷനിലേയ്ക്ക് ₹5000 എന്ന ക്രമത്തിൽ തുക നാമനിർദ്ദേശപത്രിക സമർപ്പിയ്ക്കുന്ന സമയത്ത് വരണാധികാരിയുടെ പക്കൽ രൊക്കം കെട്ടിവയ്ക്കുകയോ അയാളോ അയാൾക്ക് വേണ്ടിയോ മേൽ പറഞ്ഞ തുക മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ 8443–civil deposit–121–deposit എന്ന ശീർഷകത്തിലും,പഞ്ചായത്തിന്റെ കാര്യത്തിൽ 8443–121–94 എന്ന ശീർഷകത്തിലും സർക്കാർ ട്രഷറിയിൽ കെട്ടിവച്ചിട്ടുണ്ടെന്നോ അല്ലെങ്കിൽ സർക്കാർ വിജ്ഞാപനം ചെയ്തിരിക്കാവുന്ന അധികാരസ്ഥന്റെ ആഫീസിൽ കെട്ടിവച്ചിട്ടുണ്ടെന്നോ കാണിക്കുന്ന രസീത് നാമനിർദ്ദേശ പത്രികയോടൊപ്പം അടക്കം ചെയ്തിരിക്കണം.അതോടൊപ്പം N 42 ഫോമിൽ സ്ഥാനാർത്ഥിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൂടി നൽകേണ്ടതാണ്.

8) പട്ടികജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവയ്ക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള തുകയുടെ പകുതി ആയിരിക്കും.

9) ഒരു സ്ഥാനാർത്ഥി ഒന്നിലധികം നാമനിർദ്ദേശപത്രികകൾ വഴി നാമനിർദ്ദേശം ചെയ്തിരിക്കുന്നിടത്ത് അയാളിൽ നിന്നും ഒന്നിൽ കൂടുതൽ നിക്ഷേപം അവശ്യപ്പെടേണ്ടതില്ല.

10) ഏതെങ്കിലും സ്ഥാനാർത്ഥിക്ക് തന്റെ സ്ഥാനാർത്ഥിത്വം ഫാറം നം.5 ലുള്ള രേഖാമൂലമുള്ള നോട്ടീസ് വഴി പിൻവലിക്കാവുന്നതും ആ നോട്ടീസിൽ നിർണയിക്കപ്പെടാവുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതും അത് അയാൾ ഒപ്പിടുകയും നേരിട്ടോ തന്റെ നിർദ്ദേശകനോ താൻ രേഖാമൂലം ഇതിലേയ്ക്ക് അധികാരപ്പെടുത്തിയ തിരഞ്ഞെടുപ്പ് ഏജന്റ് മുഖേന നിശ്ചയിച്ചിട്ടുള്ള ദിവസം ഉച്ചതിരിഞ്ഞ് മൂന്ന് മണിക്ക് മുൻപ് വരണാധികാരികൾക്ക് നൽകേണ്ടതുമാണ്.

11) എന്നാൽ ആ ദിവസം സർക്കാർ ആഫീസുകൾ ഒരു ഒഴിവ് ദിനമായി ആചരിക്കണമെന്ന് സർക്കാർ വിജ്ഞാപനം

ചെയ്തിട്ടുണ്ടെങ്കിൽ അപ്രകാരം ഒഴിവ് ദിനമായി വിജ്ഞാപനം ചെയ്തിട്ടില്ലാത്ത തൊട്ടടുത്ത ദിവസം ഉച്ചതിരിഞ്ഞ് മൂന്ന് മണിക്ക് മുൻപായി പിൻവലിക്കൽ നോട്ടീസ് നൽകുകയാണെങ്കിൽ അത് യഥാസമയം നൽകിയതായി കണക്കാക്കുന്നതാണ്.

12) തന്റെ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിന് നോട്ടീസ് നൽകിയ യാതൊരാളെയും പ്രസ്തുത നോട്ടീസ് റദ്ദാക്കാൻ അനുവദിക്കുന്നതല്ല.

13) ഒരു സ്ഥാനാർഥി വോട്ടെടുപ്പിൽ പരാജയപ്പെടുകയും തനിക്ക് ലഭിച്ച വോട്ടുകളുടെ എണ്ണം എല്ലാ സ്ഥാനാർഥികൾക്കും കൂടി ലഭിച്ച വോട്ടുകളുടെ ആറിലൊന്നിൽ കുറവായിരിക്കുകയും ചെയ്താൽ ടിയാന് കെട്ടിവെച്ച തുക തിരികെ ലഭിക്കുന്നതല്ല.

# ഭാഗം 4

## തിരഞ്ഞെടുപ്പ ചെലവുകളും കണക്കും

1) ഒരു തിരഞ്ഞെടുപ്പിലെ ഏതൊരു സ്ഥാനാർത്ഥിയും താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതിക്കും തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കപ്പെടുന്ന തീയതിയ്ക്കും (രണ്ട് തീയതിയും ഉൾപ്പെടെ) ഇടയിൽ തിരഞ്ഞെടുപ്പ് സംബന്ധമായി താനോ തന്റെ തിരഞ്ഞെടുപ്പ് ഏജന്റോ വഹിച്ചതോ അധികാരപ്പെടുത്തിയതോ ആയ എല്ലാ ചെലവുകളുടെയും പ്രത്യേകം പ്രത്യേകമുള്ളതായ ഒരു കണക്ക് താൻ തന്നെയോ തന്റെ തിരഞ്ഞെടുപ്പ് ഏജന്റ് മുഖേനയോ സൂക്ഷിക്കേണ്ടതാണ്.
2) ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ സംബന്ധിച്ച് ഒരു രാഷ്ട്രീയ കക്ഷിയോ അല്ലെങ്കിൽ ആളുകളുടെ മറ്റേതെങ്കിലും സമാജമോ നികായമോ അല്ലെങ്കിൽ (സ്ഥാനാർത്ഥിയോ ആയാളുടെ തിരഞ്ഞെടുപ്പ് ഏജന്റോ അല്ലാത്ത) ഏതെങ്കിലും വ്യക്തിയോ വഹിച്ചതോ അധികാരപ്പടുത്തിയതോ ആയ ഏതെങ്കിലും ചെലവ് തിരഞ്ഞെടുപ്പ് സംബന്ധിച്ച് സ്ഥാനാർത്ഥിയോ ആയാളുടെ ഏജന്റോ വഹിക്കുന്നതോ അധികാരപ്പെടുത്തിയതോ ആയ ചെലവായി കരുതപ്പെടുന്നതല്ല.
3) ചെലവ് കണക്കിൽ ചെലവ് നടന്ന തീയതി, ചെലവിന്റെ സ്വഭാവം, നൽകിയതോ നൽകേണ്ടതോ ആയ തുക, തുക നൽകിയ തീയതി, തുക കൈപ്പറ്റിയ ആളിന്റെ പേര്, മേൽവിലാസം, വൗച്ചറിന്റെ സീരിയൽ നമ്പർ, എന്നീ വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.
4) ഒരു സ്ഥാനാർത്ഥിയ്ക്ക് പരമാവധി ചെലവഴിക്കാവുന്ന തുക ഗ്രാമപഞ്ചായത്തിൽ 25,000/– രൂപയും ബ്ലോക്ക് പഞ്ചായത്ത് /മുനിസിപ്പാലിറ്റികളിൽ 75,000/– രൂപയും ജില്ലാ പഞ്ചായത്ത്, കോർപ്പറേഷനുകളിൽ 1,50,000 രൂപയുമാണ്.

| സ്ഥാനാർത്ഥിയ്ക്ക് പരമാവധി ചെലവഴിയ്ക്കാവുന്ന തുക | |
|---|---|
| ഗ്രാമപഞ്ചായത്ത് | 25,000/– |
| ബ്ലോക്ക് പഞ്ചായത്ത് | 75,000/– |
| ജില്ലാ പഞ്ചായത്ത് | 1,50,000/– |
| മുനിസിപ്പാലിറ്റി | 75,000/– |
| മുനിസിപ്പൽ കോർപ്പറേഷൻ | 1,50,000/– |

5) ഒരു തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളും ഫലപ്രഖ്യാപന തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിൽ തന്റെ തിരത്തെടുപ്പ് ചെലവുകളുടെ ഒരു കണക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതും അത് താനോ തന്റെ തിരഞ്ഞെടുപ്പ് ഏജന്റോ വച്ചു പോരുന്ന കണക്കിന്റെ ശരിപ്പകർപ്പ് ആയിരിക്കേണ്ടതുമാണ്. പ്രസ്തുത 30 ദിവസകാലാവധി അവസാനിച്ചാലുടൻ കഴിയുന്നതും വേഗം പ്രസ്തുത ഉദ്യോഗസ്ഥൻ തനിക്ക് ലഭിച്ച തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ തിരഞ്ഞെടുപ്പ് ചെലവുകൾ സമർപ്പിക്കാതിരുന്ന സ്ഥാനാർത്ഥികളുടെ ഒരു ലിസ്റ്റ് സഹിതം കമ്മീഷൻ സെക്രട്ടറിയ്ക്ക് എത്തിച്ചു കൊടുക്കേണ്ടതുണ്ട്.

| സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോസ്ഥർ | |
|---|---|
| **തദ്ദേശ സ്ഥാപനം** | **അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ** |
| ഗ്രാമപഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| ബ്ലോക്ക് പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| മുനിസിപ്പാലിറ്റി | മുനിസിപ്പാലിറ്റി സെക്രട്ടറി |
| മുനിസിപ്പൽ കോർപ്പറേഷൻ | കോർപ്പറേഷൻ സെക്രട്ടറി |

# ഭാഗം 5

# തിരഞ്ഞെടുപ്പ് ചെലവുകളുടെ ഓൺലൈൻ സമർപ്പണം

നിലവിൽ തിരഞ്ഞെടുപ്പ് ചെലവുകൾ ഓൺലൈനായി സമർപ്പിക്കുവാൻ Election Expenditure Module എന്ന സോഫ്റ്റ്‌വെയർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. ഈ സോഫ്റ്റ്‌വെയറിലൂടെ സ്ഥാനാർത്ഥികൾക്ക് സ്വയം Login Create ചെയ്ത് ചെലവ് കണക്കുകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കാവുന്നതാണ്. **അത് ഉപയോഗിക്കേണ്ട വിധം താഴെ വിവരിച്ചിരിക്കുന്നു**

- Visit Webpage:**https://www.sec.kerala.gov.in**
- *Click on* **Sign in**.
- Select **"Candidate registration"**.
- Nominationസമയത്ത് നൽകിയ മൊബൈൽ നമ്പർ enter ചെയ്യുക. അതിലേക്ക് OTP ലഭ്യമാകും. OTP enter ചെയ്ത് proceed click ചെയ്യുക.
- ശേഷം വരുന്ന windowൽ Password set ചെയ്യുക. Submit button click ചെയ്യുമ്പോൾ Login id Create ചെയ്യപ്പെടും. Mobile number ആയിരിക്കും User id.
- Login page ൽ Sign in Click ചെയ്ത്, User name and Password നൽകി Profile ൽ കയറുക.
- Candidate ൻറെ Profile page ൽ പേര്, ജില്ല, തദ്ദേശ സ്ഥാപനം വാർഡ് എന്നിവ ലഭ്യമാകും.
- Profile page ൻറെ വലതു ഭാഗത്തു കാണുന്ന **'New'** Button Click ചെയ്ത് ചെലവ് കണക്കുകളുടെ Bill Wise Entry വരുത്താവുന്നതാണ് (ഫയൽ സൈസ് പരമാവധി– 1 mb)
- **'Upload Consolidated Bill'**എന്ന Button Click ചെയ്ത് എല്ലാ bills ഉം consolidate ചെയ്ത് Upload ചെയ്യേണ്ടതാണ്.
- ആയതിനുശേഷം **'Generate N30 Button'** Click ചെയ്ത് N30 Generate ചെയ്യേണ്ടതാണ്.
- Declaration Button click ചെയ്ത് ചെലവ് കണക്കുകൾ Submit ചെയ്യേണ്ടതാണ്. അതിനു ശേഷം Acknowledgement(Form 29) Download ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ഓൺലൈൻ സമർപ്പണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷന്റെ "webportalലിൽ "Candidate Registration" എന്ന ബട്ടന് വലതു വശത്തായി "Guidelines" എന്ന ടാബിൽ ലഭ്യമാണ്.

# ഭാഗം 6

## ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ(EVM)

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2005-ലെ പൊതുതിരഞ്ഞെടുപ്പ് മുതൽ നഗരസഭാ ഇലക്ഷനിലും 2015- മുതൽ ത്രിതല പഞ്ചായത്തിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചുവരുന്നു. രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും അവരുടെ പ്രതിനിധികൾക്കും വേണ്ടി ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ രൂപകൽപനയെപ്പറ്റിയും പ്രവർത്തനത്തെപ്പറ്റിയും കൈകാര്യ സുരക്ഷിതത്വത്തെപ്പറ്റിയും ഈ ഭാഗത്ത് വിശദീകരിക്കുന്നു.

## ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ ഘടന

ഒരു കൺട്രോൾ യൂണിറ്റും ബാലറ്റ് യൂണിറ്റും ചേരുന്നതാണ് ഒരു EVM. ഇത്തരത്തിലുള്ള മെഷീനുകളാണ് നഗരസഭകളിൽ ഉപയോഗിക്കുന്നത്. എന്നാൽ ത്രിതല പഞ്ചായത്തിലേക്ക് ഒരേ സമയം നടക്കുന്ന വോട്ടെടുപ്പിൽ ഉപയോഗിക്കുന്ന വോട്ടിംഗ് യന്ത്രം ഒരു കൺട്രോൾ യൂണിറ്റും മൂന്ന് ബാലറ്റ് യൂണിറ്റുകളും അടങ്ങിയതാണ്. ഏതെങ്കിലും ഒരു തലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ എണ്ണം 15-ൽ കൂടുതൽ വന്നാൽ പ്രസ്തുത തലത്തിലേക്ക് രണ്ടാമത് ഒരു ബാലറ്റ് യൂണിറ്റ് കൂടി ഉണ്ടായിരിക്കുന്നതും 16 മുതലുള്ള സ്ഥാനാർത്ഥികളുടെ വിവരം പ്രസ്തുത ബാലറ്റ് യൂണിറ്റിൽ ഉണ്ടായിരിക്കുന്നതുമാണ്.

## ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിലെ സാങ്കേതിക സുരക്ഷിതത്വ സംവിധാനങ്ങൾ

താഴെ പറയുന്ന കാരണങ്ങളാൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉന്നത സുരക്ഷിതത്വ നിലവാരം പുലർത്തുന്നവയാണ്.

1) ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ ഉപയോഗപ്പെടുത്തുന്ന മൈക്രോ കൺട്രോളർ ചിപ്പിൽ ഒരു പ്രാവശ്യം മാത്രമേ പ്രോഗ്രാം ചെയ്യാൻ കഴിയുകയുള്ളൂ.
2) ചിപ്പിലെ സോഫ്റ്റ്‌വെയർ കോഡ് വായിക്കാനോ തിരുത്താനോ കഴിയുകയില്ല.
3) ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ പൂർണ്ണമായും സ്വതന്ത്രമാണ്. അതിന് നെറ്റ് കണക്ടിവിറ്റിയില്ലാത്തതും അതിലേക്ക് നെറ്റ് വർക്ക് മുഖേന കടന്നു കയറാൻ സാധ്യമല്ലാത്തതുമാണ്.
4) കൃത്രിമത്വം തടയുന്നതിനുവേണ്ടി Tamper detect mechanism-വും EVM-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
5) ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ ഒരു ഓപ്പറേറ്റിംഗ് സിസ്റ്റവും ഉപയോഗിച്ചിട്ടില്ല. വിപുലമായ സുരക്ഷാ മാനദണ്ഡങ്ങളാണ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത്. രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും അവരുടെ ഏജന്റുമാർക്കും സുതാര്യമായ ഈ ക്രമീകരണങ്ങളിൽ ഒരു വലിയ പങ്കാണ് വഹിക്കാനുള്ളത്. അവ താഴെ വിവരിക്കുന്നു:

**1) പൂർണ്ണമായ പരിരക്ഷ**

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ സൂക്ഷിപ്പ് കേന്ദ്രങ്ങളിൽ പ്രത്യേക സുരക്ഷയിലാണ് സൂക്ഷിക്കുന്നത്

**2) ആദ്യ ലെവൽ പരിശോധന (എഫ്.എൽ.സി)**

ഓരോ തിരഞ്ഞെടുപ്പിനും മുൻപ് ഓരോ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനും അതിന്റെ നിർമ്മാതാക്കളായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (ECIL) അവരുടെ എഞ്ചിനീയർമാരെക്കൊണ്ട് രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പരിശോധിപ്പിക്കുന്നു.

ഈ നടപടിയെ എഫ്.എൽ.സി. (ഫസ്റ്റ് ലെവൽ ചെക്ക്) എന്നു വിളിക്കുന്നു. എഫ്.എൽ.സി സമയത്ത് ഇ.സി.ഐ.എൽ–ലെ എഞ്ചിനീയർമാർ മെഷീൻ വൃത്തിയാക്കുകയും പൂർണ്ണമായ പ്രവർത്തനക്ഷമതാ പരിശോധന നടത്തുകയും ചെയ്യുന്നു. പ്രാഥമിക പരിശോധന നടത്തിക്കഴിഞ്ഞ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ നിന്നും ഏതാനും മെഷീനുകൾ തിരഞ്ഞെടുത്ത് രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ അതിൽ മോക്ക്പോൾ ചെയ്യുകയും അതിന്റെ ഫലം രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ കാണിച്ച് ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിലെ എല്ലാ ഘടകങ്ങളും അസ്സൽ ആണെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. പരിശോധനയ്ക്കുശേഷം കൺട്രോൾ യൂണിറ്റിനെ ചുറ്റി പ്രത്യേകമായി രേഖപ്പെടുത്തിയ ക്രമ നമ്പറുള്ള ഒരു പിങ്ക് പേപ്പർ സീൽ പതിപ്പിക്കുന്നു. കൂടാതെ, കാൻഡിഡേറ്റ് സെറ്റ് സെക്ഷനിലെ ഇന്നർ കമ്പാർട്ട്മെന്റിലെ ഡോറിൽ Detachable Memory Module (DMM) സീൽ പതിപ്പിക്കുകയും ചെയ്യുന്നു. ഈ പേപ്പർ സീലുകളിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ ഒപ്പ് വാങ്ങുന്നു.

**3) കാൻഡിഡേറ്റ് സെറ്റിംഗ്**

മത്സരിക്കുന്ന സ്ഥാനാർത്ഥികളെ നിശ്ചയിച്ച് കഴിഞ്ഞാൽ, നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനാർത്ഥികളുടേയും അവരുടെ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്നു. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിലേക്ക് ഉപയോഗിക്കുവാനുള്ള 3 ബാലറ്റ് യൂണിറ്റുകളിൽ സ്ഥാനാർത്ഥികളുടെ വിവരങ്ങൾ അടങ്ങുന്ന ബാലറ്റ് ലേബലുകൾ സ്ഥാപിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ബാലറ്റ് ലേബൽ വെള്ള നിറത്തിലും, ബ്ലോക്ക് പഞ്ചായത്തിന്റേത് പിങ്ക് നിറത്തിലും, ജില്ലാ പഞ്ചായത്തിന്റേത് ഇളം നീല നിറത്തിലുമുള്ളതാണ്. നഗരസഭകളുടെ കാര്യത്തിൽ വെള്ള നിറത്തിലുള്ള ബാലറ്റ് ലേബലുകളാണ് ഉപയോഗിക്കുന്നത് ഏതെങ്കിലും ഒരു തലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ

എണ്ണം 15–ൽ കൂടുതൽ വന്നാൽ പ്രസ്തുത തലത്തിലേക്ക് രണ്ടാമത് ഒരു ബാലറ്റ് യൂണിറ്റ് കൂടി ഉണ്ടായിരിക്കുന്നതാണ്. കാൻഡിഡേറ്റ് സെറ്റിംഗിന് ശേഷം തിരഞ്ഞെടുത്ത ഏതാനും മെഷീനുകളിൽ മോക്ക്പോൾ ചെയ്യുന്നു. അതിനുശേഷം മോക്പോളിന്റെ ഫലം രാഷ്ട്രീയ പാർട്ടികളേയും സ്ഥാനാർത്ഥി കളേയും പ്രതിനിധികളേയും കാണിക്കുന്നു. തുടർന്ന് പ്രാഥമിക പരിശോധന പൂർത്തിയാക്കിയ ബാലറ്റ് യൂണിറ്റുകളിൽ പിങ്ക് പേപ്പർ സീൽ ചുറ്റുന്നു. സ്ഥാനാർത്ഥികളേയും/പ്രതിനിധികളേയും ഈ സീലിൽ ഒപ്പ് വെയ്ക്കാൻ അനുവദിക്കുന്നു.

**4) വോട്ടെടുപ്പ് ദിവസം മോക്–പോൾ നടത്തൽ**

വോട്ടെടുപ്പ് തുടങ്ങുന്നതിന് മുമ്പ് ഓരോ പോളിംഗ് സ്റ്റേഷനിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ ഒരിക്കൽ കൂടി ഏതാനും വോട്ടുകൾ രേഖപ്പെടുത്തി മോക്പോൾ നടത്തുന്നതാണ്. ഇത് സ്ഥാനാർത്ഥികളുടെയും അവരുടെ പോളിംഗ് ഏജന്റുമാരുടെയും സാന്നിദ്ധ്യത്തിലാണ് നടത്തുന്നത്. മോക്പോൾ നടത്തി ഫലം ഏജന്റുമാരെ കാണിച്ച് ബോദ്ധ്യപ്പെടുത്തുന്നതുമാണ്. ക്ലിയർ ബട്ടൺ അമർത്തി മോക്പോൾ ഫലം പൂർണ്ണമായും വോട്ടിംഗ് മെഷീനിൽ നിന്ന് ഒഴിവാക്കിയതിനുശേഷം മാത്രമാണ് കൺട്രോൾ യൂണിറ്റ് വിവിധതരം സുരക്ഷാ സീലുകളും ടാഗുകളും ഉപയോഗിച്ച് സീൽ ചെയ്യുന്നത്. ഇപ്രകാരമുള്ള പേപ്പർ സീലുകളിൽ അവിടെ സന്നിഹിതരായിട്ടുള്ള സ്ഥാനാർത്ഥികളെ/ പ്രതിനിധികളെ ഒപ്പ് വെയ്ക്കാൻ അനുവദിക്കുന്നതാണ്. മോക്പോൾ നടപടികൾ ആരംഭിച്ച ശേഷം എത്തുന്ന സ്ഥാനാർത്ഥികൾക്ക്/അവരുടെ പ്രതിനിധികൾക്ക് അവർ എത്തിച്ചേർന്ന സമയം മുതലുള്ള നടപടികളിൽ പങ്കെടുക്കാവുന്നതാണ്.

**5) ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ തൃപ്തികരമല്ലാതെ പ്രവർത്തിച്ചാൽ സ്വീകരിക്കേണ്ട നടപടികൾ**

പോളിംഗ് സമയത്ത് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ തൃപ്തികരമല്ലാതെ പ്രവർത്തിച്ചാൽ അത് മാറ്റി മറ്റൊരു ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ സ്ഥാപിക്കുന്നതാണ്. അങ്ങനെമാറ്റി സ്ഥാപിച്ചശേഷം ശരിക്കുള്ള പോളിംഗ് ആരംഭിക്കുന്നതിന് മുമ്പ് മോക്പോൾ നടത്തുകയും ചെയ്യും.

കൗണ്ടിംഗ് ദിവസം ഈ രണ്ട് വോട്ടിംഗ് മെഷീനുകളും ഒരുമിച്ച് കൗണ്ടിംഗ് ഹാളിൽ കൊണ്ട് വരികയും രണ്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിലേയും വോട്ടുകൾ എണ്ണുന്നതുമാണ്.

6) **പോളിംഗ് അവസാനിപ്പിക്കൽ**

വോട്ടെടുപ്പ് അവസാനിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്ത് പോളിംഗ് സ്റ്റേഷനിൽ ഹാജരായിട്ടുള്ള സമ്മതിദായകരെല്ലാം വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞാൽ വോട്ടിംഗ് മെഷീനിലെ കൺട്രോൾ യൂണിറ്റിലുള്ള ക്ലോസ് ബട്ടൺ അമർത്തി പോളിംഗ് അവസാനിപ്പിക്കുന്നു. ഈ രീതിയിൽ വോട്ടിംഗ് അവസാനിപ്പിച്ച ശേഷം ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ ഒരു വോട്ട് പോലും രേഖപ്പെടുത്തുവാൻ കഴിയുകയില്ല. അതിനുശേഷം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ അതത് കാരിയിംഗ് കെയ്സുകളിലാക്കി സീൽ ചെയ്യുന്നു. സ്ഥാനാർത്ഥികളേയും/ഏജന്റുമാരേയും അതിൽ സീൽ വെയ്ക്കാൻ അനുവദിക്കുന്നു.

7) **പോളിംഗ് കഴിഞ്ഞ ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ സൂക്ഷിപ്പ്**

പോളിംഗ് കഴിഞ്ഞ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ പോളിംഗ് സ്റ്റേഷനുകളിൽ നിന്നും അവ സ്വീകരിക്കാനുള്ള സ്ഥലത്തേക്ക് വാഹനങ്ങളിൽ കൊണ്ടു പോകുന്നു. ഇവ അവയ്ക്ക് പ്രത്യേകമായി തയ്യാറാക്കിയ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിക്കുന്നു. മേൽപ്പറഞ്ഞ റൂമിനുള്ളിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ സൂക്ഷിച്ച ശേഷം സ്ട്രോംഗ് റൂം ഭദ്രമായി സീൽ ചെയ്യുന്നു. സ്ഥാനാർത്ഥികളോ അവരുടെ എജന്റുമാരോ ഉണ്ടെങ്കിൽ അവരുടെ സീലും പൂട്ടിന് മുകളിൽ പതിപ്പിക്കാൻ അനുവദിക്കുന്നതാണ്. സ്ട്രോംഗ് റൂമുകൾ 24 മണിക്കൂറും പോലീസ് സംരക്ഷണത്തിലായിരിക്കും. സ്ഥാനാർത്ഥികളുടേയോ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ മാത്രമേ ഇതു തുറക്കുകയുള്ളൂ.

## വോട്ടെണ്ണൽ

വോട്ടെണ്ണൽ ദിവസം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വോട്ടെണ്ണൽ മേശയിലേക്ക് കൊണ്ടുവന്ന് സീലുകളും മറ്റും പരിശോധിച്ചശേഷം കൺട്രോൾ യൂണിറ്റിലെ റിസൾട്ട് ബട്ടൺ അമർത്തി ഫലം അറിയുന്നു. റിസൾട്ട് ബട്ടൺ അമർത്തുമ്പോൾ കൺട്രോൾ യൂണിറ്റിലെ ഡിസ്പ്ലേ പാനലിൽ ഫലം അറിയാൻ കഴിയും. ഇപ്രകാരം കൺട്രോൾ യൂണിറ്റ് പ്രവർത്തിക്കുമ്പോൾ ഓരോ

സ്ഥാനാർത്ഥിക്കും കിട്ടിയ വോട്ട് എത്രയാണെന്ന് നിരീക്ഷിക്കുന്നതിനും ആയത് രേഖപ്പെടുത്തുന്നതിനും സ്ഥാനാർത്ഥികൾക്കും അവരുടെ എജന്റുമാർക്കും കഴിയുന്നതാണ്. വോട്ട് എണ്ണുന്ന സമയത്ത് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ തൃപ്തികരമല്ലാതെ പ്രവർത്തിച്ച് ഫലം കൺട്രോൾ യൂണിറ്റിലെ ഡിസ്പ്ലേ പാനലിൽ കാണാൻ കഴിയുന്നില്ലെങ്കിൽ ആക്സിലറി ഡിസ്പ്ലേ യൂണിറ്റ് ഉപയോഗിച്ച് റിസൾട്ട് കാണാവുന്നതാണ്. ആക്സിലറി ഡിസ്പ്ലേ യൂണിറ്റിലും റിസൾട്ട് കാണാൻ കഴിയുന്നില്ലെങ്കിൽ റിസൾട്ട് പ്രിന്റർ ഉപയോഗപ്പെടുത്തി പ്രിൻറ് ചെയ്തെടുക്കുന്നതാണ്. ഇപ്രകാരവും റിസൽട്ട് ലഭ്യമാകുന്നില്ലെങ്കിൽ ആ നിയോജകമണ്ഡലത്തിലെ മറ്റ് വോട്ടിംഗ് മെഷീനിലെ വോട്ടുകൾ എണ്ണിയശേഷം റിട്ടേണിംഗ് ഓഫീസർ വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുന്നതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് റിട്ടേണിംഗ് ഓഫീസർ തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്നതുമാണ്.

## ഡിറ്റാച്ചബിൾ മെമ്മറി മോഡ്യൂൾ (ഡി.എം.എം.)

മൾട്ടിപോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ പോളിംഗ് സ്റ്റേഷനിൽ വോട്ടുകൾ രേഖപ്പെടുത്തുന്നതോടൊപ്പം അതിലെ കൺട്രോൾ യൂണിറ്റിൽ സ്ഥാപിച്ചിട്ടുള്ള അഡീഷണൽ മെമ്മറി യൂണിറ്റിലും വോട്ടുകൾ രേഖപ്പെടുത്തപ്പെടുന്നു. ഇത് മെഷീനിൽ നിന്നും വേർപെടുത്തി പ്രത്യേകം സൂക്ഷിക്കാവുന്നതാണ്. ഇതിനെ ഡിറ്റാച്ചബിൾ മെമ്മറി മോഡ്യൂൾ (ഡി.എം.എം.) എന്നാണ് പറയുന്നത്. ഇത് വോട്ടെണ്ണലിനുശേഷം റിട്ടേണിംഗ് ഓഫീസർ കൺട്രോൾ യൂണിറ്റിൽ നിന്നും വേർപെടുത്തി പ്രത്യേകം സീൽ ചെയ്ത് സൂക്ഷിക്കുന്നതാണ്.

## വോട്ടെണ്ണലിനുശേഷം ഡി.എം.എം.–ന്റേയും മറ്റ് രേഖകളുടെയും സൂക്ഷിപ്പ്

വോട്ടെണ്ണലിനുശേഷം വോട്ടുകളുടെ വിവരം ലഭിച്ച കൺട്രോൾ യൂണിറ്റിൽ നിന്നും ഡി.എം.എം. വേർപെടുത്തി അവ സൂക്ഷിക്കുന്നതിനായി പ്രത്യേകം നൽകിയിട്ടുള്ള ചെറിയ പെട്ടിയിലും സഞ്ചിയിലും ഭദ്രമായി വെച്ച് മുദ്ര വെക്കുന്നതും തൽസമയം ഹാജരുള്ള സ്ഥാനാർത്ഥികളെ/ഏജന്റുമാരെ അതിൽ മുദ്ര വെയ്ക്കുന്നതിന് അനുവദിക്കുന്നതുമാണ്.

വോട്ടെടുപ്പുമായി ബന്ധപ്പെട്ട സുരക്ഷിത സൂക്ഷിപ്പിൽ വെയ്ക്കേണ്ടതായ മറ്റ് രേഖകളും റിട്ടേണിംഗ് ഓഫീസർ സീൽ ചെയ്യുന്നു. അതിലും തൽസമയം ഹാജരുള്ള സ്ഥാനാർത്ഥി കളെ/ഏജൻറുമാരെ മുദ്ര വെയ്ക്കുന്നതിന് അനുവദിക്കുന്നതാണ്.

# ഭാഗം 7

# ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് വോട്ട് ചെയ്യുന്ന വിധം

## ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് ഒരു തലത്തിലേക്ക് (നഗരസഭകൾ / ഉപതെരഞ്ഞെടുപ്പ്) മാത്രമായി വോട്ട് ചെയ്യുന്ന വിധം

1) വോട്ട് ചെയ്യുന്നതിനായി സമ്മതിദായകൻ പോളിംഗ് ബൂത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ പോളിംഗ് ഉദ്യോഗസ്ഥൻ തിരിച്ചറിയൽ രേഖയും വോട്ടർപട്ടികയിലെ പേരും മറ്റ് വിവരങ്ങളും പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതാണ്.
2) തുടർന്ന് രണ്ടാമത്തെ പോളിംഗ് ഓഫീസർ സമ്മതിദായകന്റെ കൈവിരലിൽ മായാത്ത മഷി അടയാളം പതിക്കുന്നതും അവിടെ സൂക്ഷിച്ചിട്ടുള്ള വോട്ട് രജിസ്റ്ററിൽ വോട്ടറുടെ ഒപ്പോ വിരലടയാളമോ രേഖപ്പെടുത്തുന്നതും അവിടെ നിന്നും വോട്ട് ചെയ്യുവാനുള്ള ഒരു സ്ലിപ്പ് നൽകുന്നതുമാണ്.
3) ഈ സ്ലിപ്പുമായി വോട്ടർ, വോട്ടിംഗ് യന്ത്രത്തിന്റെ കൺട്രോൾ യൂണിറ്റിന്റെ ചുമതലയുള്ള പോളിംഗ് ഓഫീസറെ സമീപിച്ച് സ്ലിപ്പ് അദ്ദേഹത്തെ ഏൽപ്പിക്കുന്നതും തുടർന്ന് പ്രസ്തുത ഉദ്യോഗസ്ഥൻ കൺട്രോൾ യൂണിറ്റിലെ ബാലറ്റ് ബട്ടൺ അമർത്തി വോട്ടിംഗ് മെഷീൻ സജ്ജമാക്കുകയും ചെയ്യുന്നു.
4) തുടർന്ന് വോട്ടർ ബാലറ്റ് യൂണിറ്റ് വച്ചിട്ടുള്ള വോട്ടിംഗ് കംപാർട്ട്മെന്റിലേക്ക് പ്രവേശിച്ച് വോട്ടർക്ക് താത്പര്യമുള്ള സ്ഥാനാർത്ഥിയുടെ പേരിനും ചിഹ്നത്തിനും നേരെയുള്ള ബട്ടൺ അമർത്തി വോട്ട് രേഖപ്പെടുത്തുന്നു. വോട്ട് രേഖപ്പെടുത്തി കഴിയുമ്പോൾ സ്ഥാനാർത്ഥിയുടെ പേരിന് നേരെയുള്ള ചുവപ്പ് ലൈറ്റ് പ്രകാശിക്കുകയും ഒരു നീണ്ട ബീപ്പ് ശബ്ദം കേൾക്കുകയും ചെയ്യുന്നു.

5) ഒരേ സമയം ഒന്നിൽ കൂടുതൽ ബട്ടൺ അമർത്തിയാലും ഒരു വോട്ട് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. അത് പോലെ ഒന്നിൽ കൂടുതൽ തവണ ഒരേ ബട്ടൺ അമർത്തിയാലും ഒരു വോട്ട് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.

6) സമ്മതിദായകൻ വോട്ട് ചെയ്യുന്നതിനുള്ള രഹസ്യസ്വഭാവം കാത്ത് സൂക്ഷിക്കാൻ ബാദ്ധ്യസ്ഥനാണ്.

7) വോട്ടർമാർക്ക് എന്തെങ്കിലും സംശയമോ പ്രയാസമോ അനുഭവപ്പെടുന്നുവെങ്കിൽ പ്രിസൈഡിംഗ് ഓഫീസറോട് പറയാൻ മടിക്കരുത്. അദ്ദേഹം വോട്ടർമാരെ സഹായിക്കുന്നതാണ്.

8) വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞാൽ അടുത്ത ആളിന് വോട്ട് ചെയ്യാനായി എത്രയും വേഗം വോട്ടിംഗ് കമ്പാർട്ട്മെന്റിൽ നിന്ന് പുറത്തു പോകേണ്ടതാണ്.

## ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളിലേക്ക് ഒരേ സമയം നടത്തുന്ന തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്ന വിധം

1) ത്രിതലപഞ്ചായത്തുകളിലേക്ക് ഒരേ സമയം നടക്കുന്ന വോട്ടെടുപ്പിൽ ഉപയോഗിക്കുന്ന വോട്ടിംഗ് യന്ത്രം ഒരു കൺട്രോൾ യൂണിറ്റും മൂന്ന് ബാലറ്റ് യൂണിറ്റുകളും അടങ്ങിയതാണ്.

2) ഏതെങ്കിലും ഒരു തലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ എണ്ണം 15-ൽ കൂടുതൽ വന്നാൽ പ്രസ്തുത തലത്തിലേക്ക് രണ്ടാമത് ഒരു ബാലറ്റ് യൂണിറ്റ് കൂടി ഉണ്ടായിരിക്കുന്നതും 16 മുതലുള്ള സ്ഥാനാർത്ഥികളുടെ വിവരം പ്രസ്തുത ബാലറ്റ് യൂണിറ്റിൽ ഉണ്ടായിരിക്കുന്നതുമാണ്.

## വോട്ട് ചെയ്യുന്നതിനുള്ള നടപടിക്രമം

1) വോട്ട് ചെയ്യുന്നതിനായി പോളിംഗ് ബൂത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ പോളിംഗ് ഉദ്യോഗസ്ഥൻ സമ്മതിദായകരുടെ തിരിച്ചറിയൽ രേഖയും വോട്ടർപട്ടികയിലെ പേരും മറ്റ് വിവരങ്ങളും പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതാണ്.

2) തുടർന്ന് രണ്ടാമത്തെ പോളിംഗ് ഓഫീസറുടെ അടുത്ത് ചെല്ലുമ്പോൾ വോട്ടറുടെ കൈവിരലിൽ മഷി അടയാളം പതിക്കുന്നതും അവിടെ സൂക്ഷിച്ചിട്ടുള്ള വോട്ട് രജിസ്റ്ററിൽ ടിയാളുടെ ഒപ്പോ വിരലടയാളമോ രേഖപ്പെടുത്തുന്നതും അവിടെ നിന്ന് സമ്മതിദായകന് വോട്ട് ചെയ്യുവാനുള്ള ഒരു സ്ലിപ്പ് ലഭിക്കുന്നതുമാണ്.

3) ഈ സ്ലിപ്പുമായി വോട്ടിംഗ് യന്ത്രത്തിന്റെ കൺട്രോൾ യൂണിറ്റിന്റെ ചുമതല വഹിക്കുന്ന പോളിംഗ് ഓഫീസറുടെ മുൻപിലേക്ക് നീങ്ങേണ്ടതും സ്ലിപ്പ് അദ്ദേഹത്തെ ഏൽപ്പിക്കേണ്ടതും തുടർന്ന് പ്രസ്തുത ഉദ്യോഗസ്ഥൻ സമ്മതിദായകന് വോട്ട് ചെയ്യുന്നതിനായി കൺട്രോൾ യൂണിറ്റിലെ ബട്ടൺ അമർത്തി ബാലറ്റ് യൂണിറ്റുകൾ വോട്ടിംഗിന് സജ്ജമാക്കേണ്ടതുമാണ്.

4) സമ്മതിദായകൻ ഉടൻതന്നെ വോട്ടിംഗ് കമ്പാർട്ട്മെന്റിന് സമീപത്തേക്കു പോകേണ്ടതും അതിനുള്ളിൽ ബാലറ്റ് യൂണിറ്റുകൾ (സ്ഥാനാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ഇതിൽ മാറ്റം വരാം). വോട്ടുരേഖപ്പെടുത്താൻ പാകത്തിൽ സജ്ജമായിട്ടുണ്ടാകും. ഓരോ ബാലറ്റ് യൂണിറ്റിന്റെയും ഏറ്റവും മുകളിൽ ഇടതുഭാഗത്തായി പച്ചനിറത്തിലുള്ള ഓരോ ചെറിയ ലൈറ്റ് തെളിഞ്ഞു നിൽക്കുന്നതു കാണാവുന്നതാണ്. ഇത് ബാലറ്റ് യൂണിറ്റുകൾ വോട്ടുരേഖപ്പെടുത്താൻ തയാറാണെന്ന് വ്യക്തമാക്കുന്നു.

## ബാലറ്റ് യൂണിറ്റിൽ വോട്ട് രേഖപ്പെടുത്തൽ

1) ഓരോ സമ്മതിദായകനും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിലേയ്ക്ക് ഓരോ വോട്ട് വീതം ആകെ 3 വോട്ടുകളാണ് രേഖപ്പെടുത്തേണ്ടത്.

2) വോട്ടിംഗ് കംപാർട്ട്മെന്റിൽ വച്ചിട്ടുള്ള 3 ബാലറ്റ് യൂണിറ്റുകൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ ക്രമത്തിലാണ് സജ്ജീകരിച്ചിരിക്കുന്നത്.

3) ആദ്യത്തെ ബാലറ്റ് യൂണിറ്റിൽ ഗ്രാമപഞ്ചായത്ത് വാർഡിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പേരും അവരുടെ ചിഹ്നവും അടങ്ങുന്ന വെള്ളനിറത്തിലുള്ള ലേബൽ ആയിരിക്കും പതിച്ചിരിക്കുന്നത്.

4) സമ്മതിദായകൻ വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്നത് ഇതിൽ ഏതു സ്ഥാനാർത്ഥിക്കാണോ ആ സ്ഥാനാർത്ഥിയുടെ ചിഹ്നത്തിനു നേരെയുള്ള ബട്ടണിൽ വിരൽ കൊണ്ട് അമർത്തിയാൽ ഒരു ബീപ് ശബ്ദം കേൾക്കുന്നതും അതോടൊപ്പം സ്ഥാനാർത്ഥിയുടെ ചിഹ്നത്തിനു നേരെ ഒരു ചെറിയ ചുവന്ന ലൈറ്റ് പ്രകാശിക്കുന്നതുമാണ്.

5) ഇപ്രകാരം ശബ്ദം കേൾക്കുകയും, ലൈറ്റ് പ്രകാശിക്കുകയും ചെയ്താൽ ആ സമ്മതിദായകന്റെ ഒന്നാമത്തെ വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞു എന്ന് കരുതേണ്ടതാണ്.

6) ആദ്യത്തെ ബാലറ്റ് യൂണിറ്റിൽ വോട്ട് രേഖപ്പെടുത്തിയ അതേ രീതിയിൽ തന്നെ മറ്റ് രണ്ട് തലത്തിലേക്കുള്ള ബാലറ്റ് യൂണിറ്റുകളിലും വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ബ്ലോക്ക് തലത്തിലേക്കുള്ള ബാലറ്റ് യൂണിറ്റിൽ പിങ്ക് നിറത്തിലുള്ള ലേബലും ജില്ലാ തലത്തിലേക്കുള്ള ബാലറ്റ് യൂണിറ്റിൽ ഇളം നീല നിറത്തിലുള്ള ലേബലും ആയിരിക്കും പതിച്ചിരിക്കുന്നത്.

7) മേൽപ്രകാരം മൂന്ന് തലത്തിലേക്കുമുള്ള ബാലറ്റ് യൂണിറ്റുകളിലും ക്രമമായി വോട്ട് രേഖപ്പെടുത്തിക്കഴിയുമ്പോൾ ഒരു നീണ്ട ബീപ്പ് ശബ്ദം കേൾക്കുന്നതും വോട്ടിംഗ് പൂർത്തിയാകുന്നതുമാണ്.

8) ഏതെങ്കിലും ഒന്നോ അതിലധികമോ തലത്തിലെ ബാലറ്റ് യൂണിറ്റിൽ വോട്ട് രേഖപ്പെടുത്താൻ താത്പര്യമില്ലാതിരുന്നാൽ താത്പര്യമുള്ള തലത്തിലെ വോട്ട് രേഖപ്പെടുത്തിയശേഷം അവസാനത്തെ ബാലറ്റ് യൂണിറ്റിലെ അവസാന ബട്ടൺ (ഇതിനെ END ബട്ടൺ എന്ന് പറയും, ഇത് ചുവപ്പ് നിറത്തിലുള്ളതാണ്.) അമർത്തി വോട്ടിംഗ് പൂർത്തിയാക്കേണ്ടതാണ്. ഈ ബട്ടൺ അമർത്തുമ്പോൾ വോട്ടിംഗ് പൂർത്തിയായി എന്ന് വ്യക്തമാക്കുന്ന നീണ്ട ഒരു ബീപ്പ് ശബ്ദം കേൾക്കാവുന്നതാണ്.

9) ഒരേ സമയം ഒന്നിൽ കൂടുതൽ ബട്ടൺ അമർത്തിയാലും ഒരു വോട്ട് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. അത് പോലെ ഒന്നിൽ കൂടുതൽ തവണ ഒരേ ബട്ടണിൽ അമർത്തിയാലും ഒരു വോട്ട് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.

10) ഭാഗികമായി മാത്രം വോട്ടുകൾ രേഖപ്പെടുത്തുമ്പോൾ (ഒന്നോ രണ്ടോ തലത്തിലേക്ക് മാത്രം) യന്ത്രത്തിലെ വോട്ടിംഗ് പ്രക്രിയ പൂർത്തിയാക്കുന്നതിന് വേണ്ടി മാത്രമേ END ബട്ടൺ ഉപയോഗിക്കാവൂ.

11) മൂന്ന് തലത്തിലേയും വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ END ബട്ടൺ അമർത്തേണ്ട ആവശ്യമില്ല.

12) END ബട്ടൺ അമർത്തിക്കഴിഞ്ഞാൽ ആ വോട്ടർക്ക് പിന്നീട് ആർക്കും വോട്ട് ചെയ്യുവാൻ സാധിക്കുന്നതല്ല.

13) സമ്മതിദായകൻ വോട്ട് ചെയ്യുന്നതിനുള്ള രഹസ്യസ്വഭാവം കാത്ത് സൂക്ഷിക്കാൻ ബാദ്ധ്യസ്ഥനാണ്.

14) വോട്ടർമാർക്ക് എന്തെങ്കിലും സംശയമോ പ്രയാസമോ അനുഭവപ്പെടുന്നുവെങ്കിൽ പ്രിസൈഡിംഗ് ഓഫീസറോട് പറയാൻ മടിയ്ക്കരുത്. അദ്ദേഹം വോട്ടർമാരെ സഹായിക്കുന്നതാണ്.

15) വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞാൽ അടുത്ത ആളിന് വോട്ട് ചെയ്യാനായി എത്രയും വേഗം വോട്ടിംഗ് കമ്പാർട്ട്മെൻ്റിൽ നിന്ന് പുറത്തു പോകേണ്ടതാണ്.